**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26** **23-08-2022 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജനത്തിനായി മൈക്രോപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ തലത്തിൽ പ്രത്യേക മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനുള്ള മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 08/07/2022 തീയതിയിലെ സ.ഉ.(കൈ) നം.146/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അതിദാരിദ്ര്യ നിർമാർജന ഉപ പദ്ധതിയുടെ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി ഒരു സബ് പ്ലാൻ ആയി അംഗീകരിച്ചിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻ പേരെയും ഈ അവസ്ഥയിൽ നിന്നും പുറത്ത് എത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കാം. |

| | | | |
|---|---|---|---|
| | | | **1.ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)**<br><br>**2.ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)**<br><br>**3. ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)**<br><br>**മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്.**<br><br>**അതത് വർക്കിംഗ് ഗ്രൂപ്പുകൾ സാധാരണ പദ്ധതികളുടെ പോലെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നതാണ്.**<br><br>**തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. യഥാക്രമം അഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, പതിനഞ്ച് ലക്ഷം രൂപ വരെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തി അവശ്യസേവനങ്ങൾ നൽകുന്നതിനായി പ്രൊജക്ട് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | പദ്ധതി നിർവഹണത്തിന്റെ വിവിധ ഘടകങ്ങൾ വിശദമാക്കാമോ; ഭക്ഷണം, ചികിത്സ, വാസസ്ഥലം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേകമായ മാർഗനിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) | **08/07/2022 തീയതിയിലെ സ.ഉ.(കൈ) നം.146/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അതിദാരിദ്ര്യ നിർമാർജന ഉപ പദ്ധതിയുടെ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി ഒരു സബ് പ്ലാൻ ആയി അംഗീകരിച്ചിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻ പേരെയും ഈ അവസ്ഥയിൽ നിന്നും പുറത്ത് എത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും** |

| | | | |
|---|---|---|---|
| | | | മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കാം.<br><br>1.ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)<br><br>2.ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)<br><br>3. ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)<br><br>മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്.<br><br>അതത് വർക്കിംഗ് ഗ്രൂപ്പുകൾ സാധാരണ പദ്ധതികളുടെ പോലെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നതാണ്.<br><br>തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം.<br><br>യഥാക്രമം അഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, പതിനഞ്ച് ലക്ഷം രൂപ വരെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തി അവശ്യസേവനങ്ങൾ നൽകുന്നതിനായി പ്രൊജക്ട് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്.<br><br>പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനതലതലത്തിൽ പരിശീലകപരിശീലനം ജൂലൈ 19, 20 തീയതികളിലായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ജില്ലാതല റിസോഴ്സ് പേഴസൺമാർക്കുള്ള പരിശീലക പരിശീലനം 10/08/2022 നും, ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം 06/08/2022 നും പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്കിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം സംഘടിപ്പിക്കുകയും ആയത് നടന്നുവരികയും ചെയ്യുന്നു. ബ്ലോക്ക് ക്ലസ്റ്റർ പരിശീലനം ആഗസ്റ്റ് 23 ന് പൂർത്തീകരിക്കുന്നതാണ്. തദ്ദേശസ്ഥാപനതല പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശസ്ഥാപന ജനപ്രതിനിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ, സി.ഡി എസ്, പ്ലാനിംഗ് കമ്മിറ്റി, വാർഡ് തല ചാർജ്ജ് ഓഫിസർമാർ, വാർഡ് സമിതി അംഗം എന്നിവർക്കുള്ള പരിശീലനം 25/08/2022 തിയ്യതിയോടെ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ